## സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ന്റെ നടപടിക്രമം

നം. RCS EA(2)/25/2025/260

തിരുവനന്തപുരം
തീയതി : 12-08-2025

വിഷയം: സഹകരണ വകുപ്പ് -ജീവനക്കാര്യം-ഓൺലൈൻ പൊതുസ്ഥലംമാറ്റം- അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ(ഹയർ ഗ്രേഡ്) തസ്തിക- കരട് സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :

1. സർക്കാരിന്റെ 04.06.2023 ലെ സ.ഉ(കൈ) 8/2023/സഹ നമ്പർ ഉത്തരവ്
2. സഹകരണസംഘം രജിസ്ട്രാറുടെ 22/05/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. https://coperative.cditonline.org/login_it പോർട്ടലിൽ 09/06/2025 തീയതി വരെ ലഭിച്ച ഓൺലൈൻ അപേക്ഷകൾ
4. 16/07/2025 തീയതിയിൽ ഇതേ നമ്പരായി പ്രസിദ്ധീകരിച്ച കരട് മുൻഗണനാ ലിസ്റ്റ്
5. 12/08/2025 തീയതിയിലെ അന്തിമ മുൻഗണനാ ലിസ്റ്റ്

സഹകരണ വകുപ്പിൽ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിന്, പരാമർശം (1) പ്രകാരം പൊതു സ്ഥലം മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് HRMS Module-ൽ ജീവനക്കാരുടെ Employee Information (Personal Information, Office Information, Service Information), Employee Service History(Transfer History, Promotion) LWA എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. മേൽ സർക്കാർ ഉത്തരവുകളുടെ

അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പൊതുസ്ഥലം മാറ്റത്തിനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് ജീവനക്കാർക്ക് അവസരം നൽകിയിരുന്നു. ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമയി മുൻഗണന നിശ്ചയിച്ചും 31-03-2025 തീയതിവരെയുള്ള സർവ്വീസ് കാലയളവ് കണക്കാക്കി അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) തസ്തികയിൽ സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ കരട് മുൻഗണന പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ സമർപ്പിക്കുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ജീവനക്കാർ സമർപ്പിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിഗണിച്ച് ടി തസ്തികയിലെ അന്തിമ മുൻഗണന പട്ടിക പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) കേഡറിലുള്ള ജീവനക്കാരുടെ കരട് സ്ഥലം മാറ്റ ഉത്തരവ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത കരട് സ്ഥലം മാറ്റ പട്ടിക സംബന്ധിച്ച് ആക്ഷേപം ഉള്ള പക്ഷം 18/08/2025 വൈകുന്നേരം 5 p m നകം ആയത് ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന ആക്ഷേപങ്ങൾ കൂടി പരിഗണിച്ച് അന്തിമ സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതാണ്.

| Index | Employees (PEN) | Current Station | Transferred Station |
|---|---|---|---|
| 1 | Jishamol Joseph (200340) | ALAPPUZHA | KOTTAYAM |
| 2 | SIMI A S(175581) | KOTTAYAM | ALAPPUZHA |

https://coperative.cditonline.org/login_it വെബ് സൈറ്റിൽ Enterprise platform-ൽ

Employee Login Click ചെയ്ത് Login ചെയ്തതിന് ശേഷം work space Click ചെയ്ത് Documentsൽ കരട് സ്ഥലം മാറ്റ ഉത്തരവ് പരിശോധിക്കുക

MYSPACE-ൽ Left sideലെ MY Application Click ചെയ്ത് Objection-ൽ Apply for Objection

Objection രേഖപ്പെടുത്തിയതിന് ശേഷം അതാത് ആഫീസും, DDOയുടെ Seatഉം സെലക്ട് ചെയ്ത് Submit ചെയ്യുക.

ഓൺലൈനായി തയ്യാറാക്കിയിരിക്കുന്ന ഈ കരട് സ്ഥലം മാറ്റ ഉത്തരവ് സഹകരണ വകുപ്പിന്റെ പോർട്ടലായ https://coperative.cditonline.org/login_it ലും, വെബ് സൈറ്റായ cooperation.kerala.gov.in ലഭ്യമാണ്.

(ഒപ്പ്)

അഡീഷണൽ രജിസ്ട്രാർ
(ജനറൽ)

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
3. എല്ലാ അഡീഷണൽ രജിസ്ട്രാർ/ഡയറക്ടർമാർക്കും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ ( ജനറൽ ) മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ ഡി ഡി ഒ മാർക്കും
7. ഐ ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

8. സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ എ)